**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 4940**      **27.10.2016** ൽ മറുപടിയ്ക്ക്

**പമ്പാവാലിയിലെ കൈവശക്കാർക്ക് ഉപാധിരഹിത പട്ടയം**

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പമ്പാവാലിയിലെ കൈവശക്കാർക്ക് വിതരണം ചെയ്ത പട്ടയത്തിൽ എന്തെങ്കിലും ഉപാധികൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ഉപാധി കളാണെന്ന് വിശദമാക്കാമോ; | (എ) 2011 കാലഘട്ടത്തിൽ പമ്പാവാലിയിൽ വിതരണം ചെയ്ത 1368 പട്ടയങ്ങൾ ഉപാധി കളോടെയുള്ളതാണ്. എന്നാൽ 2015 -ൽ വിതരണം ചെയ്ത പട്ടയങ്ങൾ ഉപാധിരഹിതമാണ്. പട്ടയ ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടില്ല, പതിവ് ലഭിച്ച സ്ഥലം 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യാൻ പാടില്ല എന്നിവയാണ് 2011 കാലഘട്ടത്തിൽ നൽകിയ പട്ടയങ്ങളിലെ വ്യവസ്ഥകൾ. |
| (ബി) | എത്ര കൈവശ കർഷകർക്കാണ് ഇത്തരത്തിൽ ഉപാധികളോടെയുള്ള പട്ടയം വിതരണം ചെയ്തതെന്ന് പറയാമോ; | (ബി) 1368 കൈവശ കർഷകർക്ക് ഉപാധി കളോടെയുള്ള പട്ടയം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | കർഷകർക്ക് വിതരണം ചെയ്ത ഉപാധികളോടെയുള്ള പട്ടയം പിൻവലിച്ച് ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (സി) പമ്പാവാലിയിലെ കർഷകർക്ക വിതരണം ചെയ്ത ഉപാധികളോടെയുള്ള പട്ടയം പിൻവലിച്ച് ഉപാധിരഹിത പട്ടയം വിതരണം ചെയ്യാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ